(ബി) ഇതു സംബന്ധിച്ച് കേന്ദ്രസർക്കാരിൽ നിന്ന് എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ;

(ഡി) ഇതുമായി ബന്ധപ്പെട്ട് സംസ്ഥാനസർക്കാർ ഉത്തരവ് കൂടാതെ ഉപഭോക്താക്കൾക്ക് മണ്ണെണ്ണ റേഷൻ കടക്കാർ വിതരണം ചെയ്യാതിരുന്നതായി പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ ഇപ്രകാരം മണ്ണെണ്ണ നിഷേധിച്ചതു സംബന്ധിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ ;

(എഫ്) ഗ്യാസ് കണക്ഷൻ ഉള്ളവർക്ക് നിലവിൽ മണ്ണെണ്ണ വിതരണം ചെയ്തുവരുന്നതുപോലെ തുടർന്നും വിതരണം നടത്തുന്നതിന് സംസ്ഥാന സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 1-3-2000 മുതൽ രണ്ട് ഗ്യാസ് സിലിണ്ടർ കണക്ഷൻ ലഭിച്ചിട്ടുള്ള ഉപഭോക്താക്കൾക്ക് പെർമിറ്റ് പ്രകാരമുള്ള മണ്ണെണ്ണ നൽകേണ്ടതില്ലെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

(ബി&സി) ഉണ്ട്. മണ്ണെണ്ണയ്ക്കും പാചകവാതകത്തിനുമായി വലിയ തുക സബ്സിഡിയിനത്തിൽ കേന്ദ്രസർക്കാർ ചെലവാക്കുന്നുണ്ട്. ഈ രണ്ട് സബ്സിഡികളുടേയും ആനുകൂല്യം ഒരേ വ്യക്തി അനുഭവിക്കേണ്ടതില്ലെന്ന കാരണത്താൽ കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശപ്രകാരമാണിപ്രകാരം ചെയ്തിട്ടുള്ളത്. രണ്ട് സിലിണ്ടർ ഉള്ള ഉപഭോക്താക്കളുടെ പാചകാവശ്യത്തിനുള്ള മണ്ണെണ്ണ പെർമിറ്റ് സറണ്ടർ ചെയ്യണമെന്ന കാര്യം പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കാൻ കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

(ഡി&ഇ) ഇല്ല. വ്യക്തമായ പരാതികൾ ലഭിച്ചാൽ അന്വേഷിച്ച് വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

(എഫ്) മണ്ണെണ്ണയുടെ ആവശ്യം ഗ്യാസ് കണക്ഷൻ ഇല്ലാത്തവർക്ക് ആണ്. എന്നാൽ ഗ്യാസ് കണക്ഷൻ ഉള്ളവർക്ക് റേഷൻ കാർഡനുസരിച്ചുള്ള മണ്ണെണ്ണ ലഭിക്കുന്നതാണ്.

മാവേലി സ്റ്റോറിലെ വില നിലവാരം

124 (125) ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് നിലവിൽ വരുമ്പോൾ മാവേലി സ്റ്റോറുകൾ വഴി വിറ്റിട്ടുള്ള സാധനങ്ങളുടെ വിലയെന്തായിരുന്നു എന്ന് വെളിപ്പെടുത്താമോ ;

(ബി) 1-2-2000-ൽ മാവേലിസ്റ്റോറുകൾ വഴി വിറ്റിട്ടുള്ള സാധനങ്ങളുടെ വിലയെന്തായിരുന്നുവെന്ന് വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ഈ ഗവൺമെന്റ് നിലവിൽ വരുമ്പോൾ മാവേലി സ്റ്റോറുകൾവഴി വിറ്റിരുന്ന സാധനങ്ങളുടെ വിലനിലവാരവും, 1-2-2000-ലെ വിലനിലവാരവും താഴെ ചേർക്കുന്നു.

ക്രമ നമ്പർ	ഇനം	5/96-ലെ വില	2/2000-ലെ വില
1	അരി	7.60 രൂപ	9.60 രൂപ
2	ചെറുപയർ	22.50 രൂപ	19.00 രൂപ
3	ഉഴുന്നു പരിപ്പ്	28.00 രൂപ	26.00 രൂപ
4	ഉഴുന്നു പിളർപ്പ്	25.00രൂപ	21.00 രൂപ
5	വൻകടല	15.50 രൂപ	17.50 രൂപ
6	ചെറുകടല	12.50 രൂപ	14.00 രൂപ
7	വൻപയർ	14.50 രൂപ	17.00 രൂപ
8	പീസ്പരിപ്പ്	15.00 രൂപ	15.50 രൂപ
9	തുവരപരിപ്പ്	27.00 രൂപ	22.00 രൂപ
10	മുളക്	42.00 രൂപ	33.00 രൂപ
11	മല്ലി	22.40 രൂപ	19.00 രൂപ
12	കടുക്	16.00 രൂപ	18.00 രൂപ
13	ജീരകം	70.00 രൂപ	80.00 രൂപ
14	ഉലുവ	15.00 രൂപ	19.00 രൂപ
15	മഞ്ഞൾ	18.00 രൂപ	30.00 രൂപ
16	പഞ്ചസാര	13.50 രൂപ	14.50 രൂപ

നീതി സ്റ്റോർ മുഖേനയുള്ള ഗ്യാസ് വിതരണം സംബന്ധിച്ച പരാതി

125 (126)ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നീതിസ്റ്റോർ മുഖേനയുള്ള ഗ്യാസ് വിതരണം സംബന്ധിച്ച പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മലപ്പുറം ജില്ലയിലെ പല നീതിസ്റ്റോറുകളിലും യഥാസമയം ഗ്യാസ് സിലിണ്ടർ മാറ്റിക്കൊടുക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) മലപ്പുറം ജില്ലയിലെ നീതിസ്റ്റോറുകൾ മുഖേന അടിയന്തിരമായി ഗ്യാസ് വിതരണം നടത്താൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly